ഹോമിയോപ്പതി വകുപ്പിൽ ഗുഡ്സർവ്വീസ് എൻട്രി നൽകുന്നതിനുള്ള മാനദണ്ഡം

201 (3391) ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിൽ ഗുഡ് സർവ്വീസ് എൻട്രി നൽകുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ ;

(ബി) പ്രസ്തുത വകുപ്പിൽ ജി.എസ്.ഇ. ലഭിച്ച എത്ര ഡോക്ടർമാർ നിലവിലുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ ;

(സി) ജി.എസ്.ഇ നൽകിയത് അർഹതപ്പെട്ടവർക്കാണോ എന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) നിശ്ചിത മാനദണ്ഡങ്ങൾ പുലർത്താതെ വകുപ്പുമേധാവികൾ ജി.എസ്.ഇ. നൽകിയിട്ടുണ്ടോ ; എങ്കിൽ ഈ നടപടി പുനഃപരിശോധിക്കുമോ ;

(ഇ) പുനഃപരിശോധനയിൽ ഏതെങ്കിലും ഡോക്ടർമാർക്ക് നൽകിയ ജി.എസ്.ഇ ആനുകൂല്യങ്ങൾ അനധികൃതമാണെന്നു കണ്ടാൽ അവ തിരികെ പിടിച്ച് സർക്കാരിനുണ്ടായ നഷ്ടം നികത്താൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പഞ്ചായത്ത് കമ്മിറ്റിയുടെ പ്രമേയത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലും ഡയറക്ടറുടെ പരിശോധനയിൽ മെഡിക്കലാഫീസറുടെ സേവനം കാര്യക്ഷമമാണെന്ന് നേരിട്ട് ബോദ്ധ്യപ്പെടുന്നതിന്റെയും അടിസ്ഥാനത്തിലാണ് മെഡിക്കലാഫീസർമാർക്ക് ഗുഡ് സർവീസ് എൻട്രി നൽകുന്നത്.

(ബി) 10 പേർ നിലവിലുണ്ട്.

(സി & ഡി) ഗുഡ് സർവ്വീസ് എൻട്രി നൽകുന്നതിന് മെഡിക്കലാഫീസർമാർ അർഹരാണെന്ന് ഡയറക്ടർക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഗുഡ് സർവ്വീസ് എൻട്രി നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് പരാതികളൊന്നും സർക്കാരിന് നേരിട്ട് ലഭിച്ചിട്ടില്ല.

(ഇ) ഹോമിയോപ്പതി വകുപ്പിൽ ഗുഡ്സർവ്വീസ് എൻട്രി നല്കിയ ഡോക്ടർമാർക്ക് യാതൊരുവിധ സാമ്പത്തികാനുകൂല്യങ്ങളും നൽകിയിട്ടില്ല.

സ്പോർട്സ് കൗൺസിലിൽ നിയമനങ്ങളുടെ പ്രായപരിധി

202 (3392) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്പോർട്സ് കൗൺസിൽ നിയമനങ്ങൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ മിനിമം പ്രായവും പരമാവധി പ്രായവും എത്രയാണ് നിശ്ചയിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly